
മുദ്രകൾ

# 'ബാങ്കിംഗ് ചട്ടങ്ങൾ ഭേദഗതി ചെയ്യണം'


ഹുസൈൻ ഹാമിദ് ഹസൻ

(പതിനാറോളം ഇസ്‌ലാമിക സാമ്പത്തിക സ്ഥാപനങ്ങളുടെ ശരീഅ ബോർഡ് അധ്യക്ഷനാണ് ഡോക്ടർ ഹുസൈൻ ഹാമിദ് ഹസൻ. 1965-ൽ അൽ അസ്ഹർ യൂനിവേഴ്സിറ്റിയിൽനിന്നാണ് പി.എച്ച്.ഡി ബിരുദം. ഈജിപ്ഷ്യൻ സർക്കാറിന്റെ അറ്റോർണി ജനറലായിരുന്ന അദ്ദേഹം യൂനിവേഴ്സിറ്റി ഓഫ് ന്യൂയോർക്കിൽ നിന്ന് താരതമ്യ നിയമത്തിൽ ബിരുദങ്ങൾ നേടിയിട്ടുണ്ട്. ഡിസംബർ ആദ്യവാരം ജമാഅത്തെ ഇസ്‌ലാമി ഹിന്ദിന്റെ ആഭിമുഖ്യത്തിൽ ഇസ്‌ലാമിക് ബാങ്കിംഗ് കമ്മിറ്റി മുംബൈയിൽ സംഘടിപ്പിച്ച ബാങ്കിംഗ് വിദഗ്ധരുടെ യോഗത്തിൽ ചെയ്ത പ്രസംഗത്തിന്റെയും *ഇക്കണോമിക് ടൈംസ്* നടത്തിയ കൂടിക്കാഴ്ചയുടെയും സംഗ്രഹമാണ് ചുവടെ. തയാറാക്കിയത്: കെ.കെ. അലി, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, എ.ഐ.സി.എൽ).

**ദിനംപ്രതി** പലിശാധിഷ്ഠിത ബാങ്കുകൾ ഇസ്‌ലാമിക ബാങ്കുകളായി മാറ്റിക്കൊണ്ടിരിക്കുന്നതായി ഇസ്‌ലാമിക് ഫിനാൻസിന്റെ പിതാവ് എന്നറിയപ്പെടുന്ന ഡോക്ടർ ഹുസൈൻ ഹാമിദ് ഹസൻ. സാമ്പത്തിക പ്രതിസന്ധിയും വിലക്കയറ്റവും ഒഴിവാക്കി സ്വത്ത് ആർജിക്കാൻ പര്യാപ്തമായ ഏറ്റവും നീതിപൂർവകമായ സംവിധാനമാണ് ഇസ്‌ലാമിക് ബാങ്കിംഗ് എന്ന് അദ്ദേഹം ചൂണ്ടിക്കാണിച്ചു. തകർന്നുപോയ ഡസൻകണക്കിന് പലിശാധിഷ്ഠിത ബാങ്കുകളെ ഇസ്‌ലാമിക ബാങ്കുകളാക്കി മാറ്റിയ നടപടികൾക്ക് അദ്ദേഹം മേൽനോട്ടം വഹിച്ചിട്ടുണ്ട്. ഇസ്‌ലാമിക ബാങ്കായി മാറുന്ന സമയത്ത് മൂന്ന് ദിർഹമായിരുന്ന ഷാർജ നാഷ്നൽ ബാങ്കിന്റെ ഓഹരി വില പിറ്റേ ദിവസം ഏഴു ദിർഹമായി ഉയർന്നു. ഇസ്‌ലാമിക് ബാങ്കുകൾ പലിശാധിഷ്ഠിത ബാങ്കുകളേക്കാൾ നന്നായി പ്രവർത്തിക്കുന്നതിന്റെ ധാരാളം ഉദാഹരണങ്ങളുണ്ട്. 1975-ൽ ആദ്യത്തെ ഇസ്‌ലാമിക് ബാങ്കായ ദുബൈ ഇസ്‌ലാമിക് ബാങ്ക് സ്ഥാപിക്കുമ്പോൾ, ഈ സംവിധാനം ഇത്രമേൽ പ്രചാരം നേടുമെന്നോ വളരുമെന്നോ ആരും കരുതിയിരുന്നില്ല. 'അന്ന് ഇസ്‌ലാമിക് ബാങ്കിംഗ് എന്നതിനേക്കാൾ ഇസ്‌ലാമിക് വിസ്കി എന്നു പറയാനായിരുന്നു എളുപ്പം.' അത്രത്തോളം അത് അസംഭവ്യമെന്ന് കരുതപ്പെട്ടിരുന്നു. ഇസ്‌ലാമിക് ബാങ്കിംഗ് വളരെ വേഗം പ്രചാരം നേടിക്കൊണ്ടിരിക്കുകയാണെന്നും അടുത്ത ഭാവിയിൽ എല്ലാ അറബികളും ഇസ്‌ലാമിക് ബാങ്കിംഗ് മാത്രം അവലംബിക്കുന്ന അവസ്ഥയുണ്ടാകുമെന്നും അദ്ദേഹം പ്രത്യാശിച്ചു. പലിശാധിഷ്ഠിത ബാങ്കുകൾക്ക് ആരംഭം തൊട്ട് ഇന്നുവരെ ഒരേയൊരു രീതി മാത്രമേ ലോകത്തിന് സമർപ്പിക്കാനുള്ളൂ- പലിശക്ക് വായ്പ കൊടുക്കൽ. എന്നാൽ ഇസ്‌ലാമിക് ബാങ്കുകൾക്ക് ഏത് ഉപഭോക്താവിനും എന്തു ചുറ്റുപാടിലും ഏത് പദ്ധതിക്കും പറ്റുന്ന രീതിയിലുള്ള പരിധിയില്ലാത്തത്ര ഉൽപന്നങ്ങൾ ഉണ്ട്. ഇസ്‌ലാമിക് ബോണ്ടുകളുടെ വിജയകഥയുടെ ഭാഗമായി, ലോകത്തിലെ ഏറ്റവും വലിയ സാമ്പത്തിക സ്ഥാപനമായ മോർഗൻ സ്റ്റാൻലി 5 ബില്യൻ ഡോളറിന്റെ ഇസ്‌ലാമിക് ബോണ്ടുകൾ പുറത്തിറക്കുന്നുണ്ടെന്നും അതിന്റെ ചുക്കാൻ പിടിക്കുന്നത് താനാണെന്നും ഡോക്ടർ ഹുസൈൻ കൂട്ടിച്ചേർത്തു. ഏറ്റവും പ്രബലമായ വിനിമയ കറൻസിയെന്ന അമേരിക്കൻ ഡോളറിന്റെ കുത്തക നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. ക്രമേണ ആ സ്ഥാനം യൂറോ കൈയടക്കും. കുവൈത്ത് ഒരു തുടക്കം മാത്രമാണ്.

ഇന്ത്യയിൽ ഇസ്‌ലാമിക് ബാങ്കുകൾക്ക് പ്രവർത്തനാനുമതി ലഭിച്ചാൽ കോടിക്കണക്കിന് ഡോളറിന്റെ നിക്ഷേപം ഗൾഫ് നാടുകളിൽനിന്ന് ഇന്ത്യയിലേക്ക് ഒഴുകുമെന്ന് അദ്ദേഹം പറഞ്ഞു. 'യു.കെ, ജപ്പാൻ, തായ്‌ലന്റ് മുതലായ രാജ്യങ്ങളിൽ ഇസ്‌ലാമിക് ബാങ്കിംഗ് തുടങ്ങുന്നതിന് നിലവിലെ ബാങ്കിംഗ് നിയമങ്ങളിൽ മാറ്റം വരുത്തിയ പോലെ ഇന്ത്യയിലും ഇസ്‌ലാമിക് ബാങ്കിംഗ് ആരംഭിക്കുന്നതിന് ആവശ്യമായ നിയമഭേദഗതികൾ കൊണ്ടുവരണം. ഇതിനു വേണ്ടി സാമ്പത്തിക വിദഗ്ധൻ കൂടിയായ പ്രധാനമന്ത്രി ഡോ. മൻമോഹൻ സിംഗിനെ കണ്ട് സംസാരിക്കാനും താൻ തയാറാണ്.' ■

# 2007-ന്റെ ബാക്കിപത്രം

**2007** വിട പറഞ്ഞു കഴിഞ്ഞു. ജനുവരി പത്തിന് പുതിയ ഹിജ്റ വർഷ(1429)വും പിറക്കാൻ പോവുകയാണ്. കഴിഞ്ഞ വർഷത്തിന്റെ ബാക്കിയിരുപ്പിനെക്കുറിച്ചാണ് മീഡിയയിൽ ചർച്ച. ഏതു വർഷത്തെയും പോലെ വേദനിപ്പിക്കുന്ന നിരവധി സംഭവങ്ങൾക്കിടയിൽ പ്രത്യാശ പകരുന്ന നിരവധി മുന്നേറ്റങ്ങളും കാണാനുണ്ട്. പുതുവർഷാരംഭത്തോട് അനുബന്ധിച്ച് *ഇസ്‌ലാം ഓൺലൈൻ നെറ്റ്* (അറബി) പോയ വർഷത്തെ മുസ്‌ലിംലോകത്തെ വിലയിരുത്താൻ സന്ദർശകർക്ക് അവസരമൊരുക്കുകയുണ്ടായി. പത്ത് ചോദ്യങ്ങൾക്കാണ് ഉത്തരമെഴുതേണ്ടത്:



1. ഇസ്‌ലാമികലോകത്തെ ഏറ്റവും നല്ല ഭരണാധികാരി?
2. മുസ്‌ലിം ലോകത്ത് നടന്ന ഏറ്റവും സംശുദ്ധമായ പ്രസിഡന്റ്/ പാർലമെന്റ് തെരഞ്ഞെടുപ്പ്?
3. മുസ്‌ലിം ലോകത്ത് ഏറ്റവുമധികം സ്വാധീനം ചെലുത്തിയ ഫത്‌വ?
4. മുസ്‌ലിംകൾക്കിടയിൽ ഏറ്റവും സ്വീകാര്യനായ മതപ

ണ്ഡിതൻ?

5. മുസ്‌ലിംലോകത്തെ ഏറ്റവുമധികം സ്വാധീനിച്ച പുസ്തകം/ സിനിമ?

6. ഏറ്റവും മികച്ച ചാനൽ/ ഇന്റർനെറ്റ് സൈറ്റ്?

7. മുസ്‌ലിം ലോകത്തെ കൂടുതൽ സ്വാധീനിച്ച മുസ്‌ലിമല്ലാത്ത വ്യക്തി?

8. മുസ്‌ലിംലോകത്തെ മുഖ്യ സാമൂഹിക പ്രശ്നം/ പ്രതിഭാസം?


9. മുസ്‌ലിംകളുടെ പ്രതിഛായ ഏറ്റവുമധികം മെച്ചപ്പെടുത്തിയ/ കളങ്കപ്പെടുത്തിയ സംഭവം?

10. മുസ്‌ലിംകളെ ഏറ്റവും കൂടുതൽ സന്തോഷിപ്പിച്ച/ വേദനിപ്പിച്ച സംഭവം?

സന്ദർശകർ ഉത്തരങ്ങൾ അയച്ചുകൊണ്ടിരിക്കുന്നു. മികച്ച ഭരണാധികാരിയായി ഫലസ്ത്വീനിലെ ഇസ്മാഈൽ ഹനിയ്യ, തുർക്കിയിലെ ഉർദുഗാൻ എന്നിവർക്കാണ് കൂടുതൽ പിന്തുണ. അധികാരം വിട്ടൊഴിഞ്ഞുകൊടുത്ത മൗറിത്താനിയൻ ഭരണാധികാരിയും തൊട്ടു പിന്നിലുണ്ട്. സംശുദ്ധമായ തെരഞ്ഞെടുപ്പിൽ തുർക്കിയും മൗറിത്താനിയയുമാണ് മുന്നിൽ. ഡാനിഷ് ഉൽപന്നങ്ങൾ ബഹിഷ്കരിക്കാനുള്ള ഫത്‌വയാണ് കൂടുതൽ വോട്ട് നേടിയിരിക്കുന്നത്. ഏറ്റവും സ്വീകാര്യനായ മതപണ്ഡിതൻ ഡോ. യൂസുഫുൽ ഖറദാവിയാണെന്ന കാര്യത്തിൽ ഉത്തരമെഴുതിയവരിൽ ഒരാൾക്കുമില്ല സംശയം. മുസ്‌ലിംലോകത്തെ അത്രയധികം സ്വാധീനിച്ച പുസ്തകമോ സിനിമയോ കഴിഞ്ഞ വർഷം ഉണ്ടായിട്ടില്ലെന്നാണ് ഭൂരിപക്ഷവും പറയുന്നത്. അൽജസീറ, അൽ അഖ്സാ, ഇസ്‌ലാം ഓൺലൈൻ നെറ്റ് എന്നീ ക്രമത്തിലാണ് ചാനൽ/ സൈറ്റുകളുടെ സ്ഥാനം.

ഇസ്‌ലാമിന്റെ ഇമേജ് വികൃതമാക്കുന്ന സംഭവങ്ങൾ പലതും ചൂണ്ടിക്കാട്ടിയിട്ടുണ്ടെങ്കിലും, അവയിൽ ശ്രദ്ധേയമായി തോന്നിയത് റമദാൻ, ഈദ് വേളകളിലെ മാസം കാണൽ തർക്കമാണ്. ഇസ്‌ലാമിന്റെ ഏറ്റവും സുന്ദരമായ മുഖം: ഹജ്ജ്. മുസ്‌ലിം ലോകത്തെ ഏറ്റവും മോശമായി സ്വാധീനിച്ച മുസ്‌ലിമല്ലാത്ത ആൾ ആരെന്ന കാര്യത്തിൽ തർക്കമില്ല- ജോർജ് ബുഷ്. നല്ല നിലയിൽ സ്വാധീനിച്ചവരിൽ ഷാവേസും ലണ്ടൻ മേയറുമാണ് മുമ്പന്മാർ. പട്ടിണി, യുവാക്കളുടെ കുത്തഴിഞ്ഞ ജീവിതം ഇങ്ങനെ പലതുണ്ട് സാമൂഹിക പ്രശ്നങ്ങളായി. ഗസ്സയിൽനിന്ന് ഒറ്റുകാരെ പുറത്താക്കിയതും തീവ്രവാദത്തിനെതിരെ സമൂഹം ഒറ്റക്കെട്ടായി നിന്നതും ഏറ്റവും സന്തോഷിപ്പിക്കുന്ന സംഭവങ്ങളാണ്. വിയോജിപ്പുണ്ടോ? നിങ്ങൾക്കും പ്രതികരിക്കാം. ■

## ടെക്നോളജിയുടെ കാലത്തെ വിശപ്പ്



ലോകത്ത് വിശന്ന് അന്തിയുറങ്ങുന്നവരുടെ എണ്ണം 845 മില്യൻ. വിശപ്പു കാരണം ഓരോ ദിവസവും ആറായിരം കുഞ്ഞുങ്ങൾ മരിക്കുന്നു. അഞ്ച് സെക്കന്റിൽ ഒരു കുഞ്ഞ് എന്ന നിരക്കിൽ. ദാരിദ്ര്യ രേഖക്ക് താഴെയുള്ള ഒരു ബില്യൻ മനുഷ്യരുടെ ദിവസവരുമാനം ഒരു അമേരിക്കൻ ഡോളറിൽ താഴെ മാത്രം. ശിശുമരണത്തിനും ശൈശവ വൈകല്യത്തിനും ഇടയാക്കുന്ന മൂന്നു പ്രധാന കാരണങ്ങളിലൊന്ന് ഭക്ഷ്യക്കമ്മി. ഐക്യരാഷ്ട്ര സഭ ഈയിടെ പുറത്തിറക്കിയ റിപ്പോർട്ടിലുള്ളതാണ് ഈ വിവരങ്ങൾ.

കഴിഞ്ഞ ഒക്കോബർ 16-ന് ഐക്യരാഷ്ട്രസഭ ഭക്ഷ്യദിനമായി ആചരിച്ചപ്പോൾ നൽകിയ തലക്കെട്ട് 'ഭക്ഷ്യാവകാശം'എന്നായിരുന്നു. വിശപ്പാണ് ലോകം നേരിടുന്ന ഏറ്റവും വലിയ വിപത്തെന്ന് തദവസരത്തിൽ യു.എൻ സെക്രട്ടറി ജനറൽ പറയുകയുണ്ടായി. 'നാം വിശക്കുന്നവരുടെ ഈ നിലവിളി കേൾക്കണം. മനുഷ്യാവകാശങ്ങൾ സംരക്ഷിക്കപ്പെടണമെങ്കിൽ പട്ടിണി ഇല്ലാതാക്കിയേ മതിയാവൂ. വികസനത്തെ മനുഷ്യാവകാശവുമായി നാം ബന്ധിപ്പിക്കണം.' വലിയൊരു സത്യമാണ് സെക്രട്ടറി ജനറൽ വിളിച്ചു പറഞ്ഞത്. ഇന്നുള്ള ജനസംഖ്യയുടെ ഇരട്ടിയിലധികം ആളുകളെ തീറ്റിപ്പോറ്റാനുള്ള ഭക്ഷ്യവിഭവങ്ങൾ ആധുനിക ടെക്നോളജിയുടെ സഹായത്തോടെ ഇവിടെ ഉൽപാദിപ്പിക്കപ്പെടുന്നുണ്ട്. ഇവ സമ്പന്നർ കൈയടക്കി വെക്കുകയോ ധൂർത്തടിച്ച് നശിപ്പിക്കുകയോ ചെയ്യുന്നു.

ലോക മനുഷ്യാവകാശ പ്രഖ്യാപനത്തിന് 59 വയസ്സ് പിന്നിട്ടെങ്കിലും വലിയൊരു വിഭാഗത്തിന് ഇപ്പോഴും വളരെ പ്രാഥമികമായ ഭക്ഷ്യാവകാശം പോലും ലഭിച്ചിട്ടില്ല. ആഗോളവത്കരണം ശക്തിപ്പെട്ട 1996 മുതൽ ഓരോ വർഷം പിന്നിടുമ്പോഴും ദാരിദ്ര്യം രൂക്ഷമാകുന്നതായും റിപ്പോർട്ട് വെളിപ്പെടുത്തുന്നു. മതിയായ പോഷകാഹാരം കിട്ടാതെ ഓരോ വർഷവും അഞ്ചു വയസ്സ് തികയാത്ത ആറ് മില്യൻ കുഞ്ഞുങ്ങളാണ് മരിച്ചൊടുങ്ങുന്നത്.

സോറിസ് വൈസ്മാൻ പുറത്തിറക്കിയ 'വിശപ്പിന്റെ സൂചിക' എന്ന റിപ്പോർട്ടിൽ വിശപ്പിന്റെ രാഷ്ട്രീയവും കൈകാര്യം ചെയ്യുന്നുണ്ട്. പട്ടിണി കിടക്കുന്ന രാജ്യങ്ങളിലാണ് ഏറ്റവും കൂടുതൽ ആഭ്യന്തര കലാപങ്ങൾ. കലാപകാരികളുടെ കൈയിലെ ഏറ്റവും വലിയ ആയുധമായിത്തീർന്നിരിക്കുന്നു വിശപ്പ്. വിളഞ്ഞു നിൽക്കുന്ന കൃഷിഭൂമികൾ നശിപ്പിച്ചും അഭയാർഥിക്യാമ്പിലേക്കുള്ള ഭക്ഷണപ്പൊതികൾ കൊള്ളയടിച്ചുമാണ് ആഫ്രിക്കയിലെ കലാപകാരികൾ 'കരുത്ത്' തെളിയിക്കുന്നത്. ഇത് പ്രശ്നം രൂക്ഷമാക്കുന്നു. *അൽ മുജ്തമഅ്* വാരികയുടെ ഒരു ലക്കത്തിൽ (8.12.2007) 'സാങ്കേതികവിദ്യയുടെ കാലത്തെ വിശപ്പ്' ആണ് കവർസ്റ്റോറി. ■

## വീഡിയോ ഗാലറി

**ജമാഅത്തെ** ഇസ്‌ലാമി വെബ് സൈറ്റിൽ ചേർത്ത പുതിയ വീഡിയോ പ്രോഗ്രാമുകൾ: ജമാഅത്തെ ഇസ്‌ലാമി നവോത്ഥാനത്തിന്റെ തുടർച്ച(വി.കെ അലി), തർബിയത്തിന്റെ സാമൂഹികതലങ്ങൾ (എം.ഐ അബ്ദുൽ അസീസ്), സമുദായ സുരക്ഷ: ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ നിലപാട് (സലാം വാണിയമ്പലം), ബഹുസ്വരസമൂഹത്തിലെ മുസ്‌ലിം: തത്ത്വവും പ്രയോഗവും (കൂട്ടിൽ മുഹമ്മദലി), സാമൂഹിക ഇടപെടലുകളുടെ ഇസ്‌ലാമികമാനം (ഹമീദ് വാണിയമ്പലം), പരലോകം (കെ.സി അബ്ദുല്ല മൗലവി), മനുഷ്യാവകാശങ്ങൾ ഇസ്‌ലാമിൽ (സലാം വാണിയമ്പലം), രക്ഷിതാക്കളോട്, സമൂഹത്തോട് (സീനത്ത് ചെറുകോട്), വംശഹത്യയുടെ ഇരകൾ (ഡോക്യുമെന്ററി), എസ്.ഐ.ഒ മെഡിക്കൽ വിദ്യാർഥി സമ്മേളനം (പെരുമ്പിലാവ്), കാമ്പസ് ജീവിച്ചുകൊണ്ടിരിക്കുന്നു എന്നതിനു തെളിവ് (എസ്.ഐ.ഒ).

സന്ദർശിക്കുക: **www.jihkerala.org**

# അഭിമതനും അനഭിമതനും



അഹ്മദീ നിജാദ്, റാശിദുൽ ഗനൂശി

**കഴിഞ്ഞ** ഹജ്ജിൽ ഏറെ ശ്രദ്ധിക്കപ്പെട്ട വ്യക്തി ഇറാൻ പ്രസിഡന്റ് അഹ്മദീ നിജാദായിരുന്നു എന്നു പറയാം. സുഊദി ഭരണാധികാരി അബ്ദുല്ലാ രാജാവിന്റെ ക്ഷണം സ്വീകരിച്ചാണ് അദ്ദേഹം ഹജ്ജിനെത്തിയത്. ഒരു ഇറാനിയൻ പ്രസിഡന്റിന് സുഊദിയിൽനിന്ന് ഹജ്ജിനായി ഔദ്യോഗിക ക്ഷണം കിട്ടുന്നത് ഇതാദ്യമായാണ്. പ്രസിഡന്റായിരിക്കെ ഒരു ഇറാനീ പൗരനും ഇതുവരെ ഹജ്ജ് നിർവഹിച്ചിട്ടുമില്ല.

ഇറാൻ-സുഊദി ബന്ധം ഗണ്യമായി മെച്ചപ്പെട്ടതിന്റെ സൂചനയായി ഈ ക്ഷണത്തെ രാഷ്ട്രീയ നിരീക്ഷകർ കാണുന്നു. ലബ്നാൻ പ്രതിസന്ധി പരിഹരിക്കാനും ഇറാഖിൽ സമാധാനം പുനഃസ്ഥാപിക്കാനും കൂട്ടായ ശ്രമം തുടങ്ങിയത് മുതൽക്കാണ് ഇരു രാഷ്ട്രങ്ങളും അടുക്കാൻ തുടങ്ങിയത്. 2005-ലും 2006-ലും നിജാദ് സുഊദി സന്ദർശിച്ചിരുന്നു. 2007 നവംബറിൽ രിയാദിൽ ചേർന്ന എണ്ണ രാജ്യങ്ങളുടെ ഒപെക് ഉച്ചകോടിയിലേക്കും ഇറാനിയൻ പ്രസിഡന്റ് ക്ഷണിക്കപ്പെട്ടു. നിജാദിന്റെ നാലാം സുഊദി സന്ദർശനമാണിത്. ഇറാനിയൻ വിദേശകാര്യമന്ത്രി മനൂശഹ്ർ മുത്തകീ, പ്രസിഡന്റിന്റെ ഉപദേഷ്ടാവ് മുജ്തബ ഹാശ്മി, പാർലമെന്റ് ഡെപ്യൂട്ടി സ്പീക്കർ മുഹമ്മദ് ഹസൻ അബൂ തുറാബി എന്നിവരും അദ്ദേഹത്തെ അനുഗമിച്ചിരുന്നു.

അതേസമയം അനഭിമതനായി മുദ്ര കുത്തപ്പെട്ട് ഹജ്ജ് ചെയ്യാൻ കഴിയാതെ പോയ ഒരു പ്രശസ്തനും ഉണ്ടായിരുന്നു- ടുനീഷ്യയിലെ ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ നായകൻ റാശിദുൽ ഗനൂശി. പ്രവാസ ജീവിതം നയിക്കുന്ന ലണ്ടനിൽനിന്ന് ഹജ്ജിനായി അദ്ദേഹം ഒരു സുഊദി വിമാനത്താവളത്തിൽ എത്തിയെങ്കിലും പുറത്തു കടക്കാൻ അദ്ദേഹത്തെ അധികൃതർ അനുവദിച്ചില്ല. കാരണം എന്താണെന്ന് വ്യക്തമല്ല. ഗനൂശിക്ക് ലണ്ടനിലെ സുഊദി എംബസി വിസ നൽകിയിരുന്നു. ഗനൂശിയാവട്ടെ സുഊദിയിൽ അനഭിമതനുമായിരുന്നില്ല. കഴിഞ്ഞ വർഷം അദ്ദേഹം ഹജ്ജും ഉംറയും നിർവഹിച്ചിരുന്നു. 'ഉന്നതങ്ങളിൽനിന്നുള്ള ഇടപെടൽ' എന്നു മാത്രമാണ് പത്രങ്ങൾ നൽകുന്ന വിശദീകരണം. സംഭവത്തെക്കുറിച്ച് ഗനൂശിയും പ്രതികരിക്കാൻ തയാറായില്ല. ■